media is reported

# കാവിപ്പശു

ഗുജറാത്ത് വംശഹത്യ മുതൽ
ഇന്ത്യൻ മാധ്യമങ്ങളുടെ
നിലപാടുകൾ

●

media is reported

# കാവിപ്പശു

ഗുജറാത്ത് വംശഹത്യ മുതൽ
ഇന്ത്യൻ മാധ്യമങ്ങളുടെ നിലപാടുകൾ

•

രവീന്ദ്രൻ രാവണേശ്വരം

അവതാരിക
എൻ.പി. രാജേന്ദ്രൻ

പഠനം
എം.എ. റഹ്മാൻ

പ്രസാധനം
പ്രതീക്ഷ ബുക്സ്
കോഴിക്കോട്

വിതരണം
ഐ.പി.എച്ച്
കോഴിക്കോട്

KAVIPPASHU *(Malayalam)*
(*Media Studies/Political Science*)
*By* RAVEENDRAN RAVANESHWARAM
Publishers:

**PRATHEEKSHA BOOKS**
IST Building, P.O. Merikkunnu, Kozhikode- 673 012, Kerala State, India
E-mail :pratheekshabooks@gmail.com
First Pratheeksha Edition : March 2011
Cover : M.A. Shanavas
Printers: Krishma Offset, Ramanattukara
Rights with the Author
KAU 2   Sub 32, SN 598/2000
**Price  : 95.00**

**Distribution**

●

I.P.H. Fourland Building, Rajaji Road, Kozhikode -673 004, E-mail : iphcalicut@gmail.com
I.P.H, Islamic Centre, Market lane, Palayam, Thiruvananthapuram - 695 034
I.P.H, Madeena Masjid Complex, Padma Jn. Pullepady, Eranakulam - 682 035
I.P.H, I.P.H. Tower, P.O. Road, Thrissur -680 001
I.P.H, Kohinoor Arcade, Opp. Noor Masjid, Kannur -670 001
I.P.H, Masjid Building, Kunnummal, Malappuram -676 505
I.P.H,  M.P. Road, Kozhikode - 673 001

## സമർപ്പണം

●

യുദ്ധങ്ങളിലും ആക്രമണങ്ങളിലും
കലാപങ്ങളിലും ഫാഷിസ്റ്റ് തേർവാഴ്ചകളിലും
പൊലിഞ്ഞുപോയ കുഞ്ഞുങ്ങൾക്ക്

## രവീന്ദ്രൻ രാവണേശ്വരം

•

കാസർകോട് ജില്ലയിലെ ഹോസ്ദുർഗ് താലൂക്കിൽ രാവണേശ്വരത്ത് 1972 ഫെബ്രുവരി 8 ന് ജനിച്ചു. പിതാവ് കരിപ്പാടക്കൻ വീട്ടിൽ അമ്പുക്കൻ മണിയാണി. മാതാവ് പുലിക്കോടൻ വീട്ടിൽ പാറു. രാവണേശ്വരം ഗവ: ഹൈസ്കൂൾ, കാസർകോട് ഗവ: കോളേജ് എന്നിവിടങ്ങളിൽ വിദ്യാഭ്യാസം. ബിരുദാനന്തരം കേരളാ പ്രസ് അക്കാദമിയിൽ നിന്നും ജേർണലിസം മാസ് കമ്മ്യൂണിക്കേഷനിൽ പി.ജി.ഡിപ്ലോമ, കുട്ടികളുടെ പ്രശ്നങ്ങളെക്കുറിച്ച് എഴുതിയ ഫീച്ചറിന് അന്താരാഷ്ട്ര ചിൽഡ്രൻസ് ഫണ്ടിന്റെ (യുനിസെഫ്) അവാർഡ്, കാഞ്ഞങ്ങാട് പ്രസ് ഫോറത്തിന്റെ വികസനോന്മുഖ ലേഖനത്തിനുള്ള എ. ദാമോദരൻ സ്മാരക അവാർഡ് എന്നിവ ലഭിച്ചിട്ടുണ്ട്. മാധ്യമം ദിനപത്രത്തിന്റെ കറസ്പോണ്ടന്റ്, സബ് എഡിറ്റർ എന്നീ നിലകളിൽ മാംഗ്ലൂർ, തിരുവനന്തപുരം, കണ്ണൂർ, കാസർകോട് എന്നിവിടങ്ങളിൽ ജോലി ചെയ്തിട്ടുണ്ട്. ഇപ്പോൾ മാധ്യമം ദിനപത്രത്തിന്റെ സബ് എഡിറ്ററായി കോഴിക്കോട് ബ്യൂറോയിൽ. ഭാര്യ: ശുഭ. മക്കൾ: ദയ, ദിയ. വിലാസം: 'ദയവീട്', രാവണേശ്വരം, കാസർകോട്-671316, mail: raveendranmdm@gmail.com

# പ്രസാധകക്കുറിപ്പ്

**രാ**ജാവും കാര്യക്കാരും ന്യായാധിപതികളുമടങ്ങുന്ന മുക്കൂട്ടു മുന്നണി കൈവിട്ടാൽ പിന്നെ ജനങ്ങൾക്കുള്ള ആശ്രയം ആര്? പ്രസക്തമായ ഈ ചോദ്യചിഹ്നത്തിന്റെ മുമ്പാകെയുള്ള ശൂന്യതയിലാണ് ഫോർത്ത് എസ്റ്റേറ്റിന്റെ പിറവി. ജനാധിപത്യത്തിന്റെ നാലാം തൂണെന്ന് പുകഴ്പ്പെറ്റ ഈ 'വിശുദ്ധ പശു'വിലേക്ക് ഫാഷിസത്തിന്റെ കാവി നിറം സംക്രമിക്കുന്നു എന്ന് വിളിച്ചുപറയുന്നു *കാവിപ്പശു*. ഒരു സമൂഹത്തിന്റെ രാഷ്ട്രീയ പ്രയോഗങ്ങൾക്ക് അർഥം നൽകുന്നതും അവയെ സാധൂകരണക്ഷമമാക്കുന്നതും സാംസ്കാരിക വിചാരങ്ങളാണ്. ഈയൊരു സാംസ്കാരിക മണ്ഡലത്തെ 'കൾച്ചറൽ നാഷണലിസം' എന്ന ഭ്രാന്തൻ ചിന്തയിലേക്ക് വികസിപ്പിച്ചെടുത്തു എന്നേടത്താണ് ഇന്ത്യൻ ഫാഷിസത്തിന്റെ വിജയം. മുസ്ലിംകളിൽ നിന്നു ഭിന്നമായ ഒരു പൊതു ഹിന്ദുസമൂഹത്തെ ആശയപരമായി സ്ഥാപിച്ചെടുത്ത് ഒരു അഖണ്ഡ ഹിന്ദുരാഷ്ട്രത്തെ പ്രതിനിധാനം ചെയ്യുക എന്നതാണ് അതിന്റെ ആത്യന്തികലക്ഷ്യം. ആര്യസമാജത്തിന്റെ ഓത്തുപുരകളിൽ മാത്രം ഈ സംഘപരിവാർ മനസ്സ് പരിമിതപ്പെടുന്നില്ല. പ്രത്യുത, സമകാലിക ഫാഷിസം ഇതിനെ സാമൂഹിക ജീവിതത്തിന്റെ മതാത്മക മണ്ഡലത്തിനകത്തേക്ക് പടർത്തിവിട്ട് ഭീതിദമായൊരു സാംസ്കാരിക മേൽക്കോയ്മയാക്കി മാറ്റിയിരിക്കുന്നു. ഫാഷിസം നേടിയെടുത്ത സാംസ്കാരിക അധീശത്വത്തിന് മുഖ്യ ഇന്ധനമായി വർത്തിക്കുന്നത് മാധ്യമങ്ങളാണെന്ന വാദത്തെ സാധൂകരിക്കുകയാണ് രവീന്ദ്രൻ രാവണേശ്വരം ഈ കൃതിയിൽ. ബാബരി മസ്ജിദ്

ധ്വംസന കാലത്ത് നിലപാട് വ്യക്തമാക്കാത്ത 'നിഷ്പക്ഷത'യെങ്കിലും പത്രങ്ങൾക്കുണ്ടായിരുന്നു. 'തർക്ക മന്ദിരം' തിരുത്തി 'ബാബരി മസ്ജിദ്' എന്നാക്കാൻ ഒരു ചുല്ല്യാറ്റിനെയെങ്കിലും കൊണ്ടുവരാൻ എൻ.എസ്. മാധവന് അക്കാലത്ത് കഴിഞ്ഞു. എന്നാൽ ഗുജറാത്തിൽ മോഡിയുടെ വംശഹത്യാരഥം വലിച്ചു കൊണ്ടുപോയത് മാധ്യമക്കുതിരകളായിരുന്നു. താമസിയാതെ ഫാഷിസത്തിന്റെ ഈ യാഗാശ്വങ്ങൾ കൂടുതൽ മെയ്വഴക്കത്തോടെ കർണാടകയിലുമെത്തി. ഗാന്ധിജിയുടെ ജന്മനാട്ടിലും ഹിന്ദു- മുസ്‌ലിം മൈത്രിക്ക് നൂറ്റാണ്ടുകളുടെ പാരമ്പര്യമുള്ള തുളുനാട്ടിലും മുസ്‌ലിം വംശഹത്യകൾക്ക് സംഘപരിവാറിനെ സഹായിക്കാൻ മാധ്യമങ്ങൾ നടത്തിയ കുൽസിത ശ്രമങ്ങളെ തുറന്നുകാട്ടുന്നുണ്ട് ഗ്രന്ഥകാരൻ. അതോടൊപ്പം കർണാടകയിൽനിന്ന് അധികം ദൂരമില്ല കേരളത്തിലേക്ക് എന്ന ഉൾക്കിടിലമായ സന്ദേശം കൂടി അദ്ദേഹം നൽകുന്നു. സാക്ഷ്യമെന്നോണം മലയാള മാധ്യമങ്ങളുടെ മുസ്‌ലിം വിരുദ്ധമായ സമീപകാല അച്ചുനിരത്തലുകൾ എടുത്തുദ്ധരിക്കുന്നു. ഭാവിയെക്കുറിച്ച് അസ്വസ്ഥപ്പെടുന്ന സംഭ്രമജനകമായ കലാപ കാലത്ത് എംബഡഡ് ജേർണലിസത്തിന്റെ ഭയാനകതയിൽ നിന്ന് ഓർഗാനിക് ജേർണലിസത്തിലേക്ക് പുരോഗമിക്കേണ്ട മാധ്യമ സംസ്കാരം വിളംബരം ചെയ്യുന്ന ഈ കൃതി കൈരളിയുടെ ജാഗരൂകതക്കുവേണ്ടി ഞങ്ങൾ സമർപ്പിക്കുന്നു.

# അകം


**ആമുഖം**

ഗുജറാത്ത് അരികിൽ ..........13

**അവതാരിക**

മാധ്യമ ധർമവും മതേതരത്വവും..............21

**അധ്യായം: ഒന്ന്**

ഗുജറാത്ത് വംശഹത്യ കാലത്തെ മാധ്യമങ്ങളുടെ സംഭാവന..............29

**അധ്യായം: രണ്ട്**

കന്നട മാധ്യമങ്ങൾ ഗുജറാത്ത് പണിപ്പുരയിൽ..............42

**അധ്യായം: മൂന്ന്**

മാധ്യമങ്ങളുടെ 'തീവ്രവാദം'..............85

**അധ്യായം: നാല്**

കലാപകാലത്തെ പത്രപ്രവർത്തനം..............113

**അധ്യായം: അഞ്ച്**

ഇന്ത്യൻ മുസ്‌ലിം: പൊതുധാരണകൾ (മാധ്യമങ്ങളുടെയും)..............122

**അധ്യായം: ആറ്**

വാർത്തയുടെ രാഷ്ട്രീയപരിണാമം..............133

**അനുബന്ധം**

ബട്‌ലഹൗസിലെ ഏറ്റുമുട്ടലിനെക്കുറിച്ച് ജേർണലിസ്റ്റ് യൂണിയൻ..............151

എഡിറ്റർമാർക്ക് പറയാനുള്ളത്..............156

ഒരു റിപ്പോർട്ടറുടെ സത്യവാങ്മൂലം -റിപ്പോർട്ടിന്റെയും..............163

### ആമുഖം

# ഗുജറാത്ത് അരികിൽ

മരിച്ചുവീണ ഓരോ കുഞ്ഞിൽ നിന്നും കണ്ണുകളുള്ള തോക്ക്,
ഓരോ കൊലപാതകത്തിൽ നിന്നും വെടിയുണ്ടകൾ.
അതൊരുനാൾ നിങ്ങളുടെ ഹൃദയത്തിൽ തന്നെ
വന്നു തറച്ചുകൊള്ളും.

– പാബ്ലോനെരൂദ

●

**ക**ർഫ്യു പ്രഖ്യാപിച്ച് നാലാം ദിവസം, അന്ന് രാവിലെ എട്ടരയ്ക്കാണ് രണ്ട് മണിക്കൂർ ഇളവ് അനുവദിക്കുന്നത്. വെള്ളത്തിൽ മുക്കിത്താഴ്ത്തപ്പെട്ടവന് ഇടയ്ക്ക് ശ്വസിക്കാൻ അവസരം ലഭിച്ചതു പോലെയുള്ള ആശ്വാസമാണ് അപ്പോഴുണ്ടായത്. വല്ലതും വാങ്ങിവെക്കുകയെന്ന ഉദ്ദേശ്യത്തോടെ ഞങ്ങൾ *മാധ്യമം* ബ്യൂറോ പ്രവർത്തിക്കുന്ന നെല്ലിക്കായി റോഡിലെ അൽറഹ്ബാ പ്ലാസയുടെ നാലാം നിലയിൽ നിന്നും താഴേക്കിറങ്ങി. താഴെ കടകൾക്ക് മുന്നിൽ അവശ്യസാധനങ്ങൾക്കുവേണ്ടി ആൾക്കാർ കടിപിടികൂടുന്നത് കാണാമായിരുന്നു. അതൊരു ശരിയായ സന്ദേശമായിരുന്നു. ഒന്നും കരുതി വെക്കാൻ അവസരം നൽകാതെ വന്നുചേരുന്ന സാമൂഹിക സാഹചര്യമാണല്ലോ കർഫ്യു. ക്രമസമാധാനം ഭീഷണി നേരിടുമ്പോൾ സർക്കാർ സ്പോൺസർ ചെയ്യുന്ന ഹർത്താൽ എന്നുവേണമെങ്കിൽ പറയാം. ആ മുഹൂർത്തത്തിന്റെ 'ലൈവ് ടെലികാസ്റ്റാണ്' ഈ പടിയിറക്കത്തിൽ കാണുന്നത്.

ആ കടയിലേക്ക് നോക്കുക. ബേബിഫുഡ്ഡുകൾ വാരിക്കൂട്ടുന്ന അവരുടെ മുഖത്താകെ ഭയവും വെപ്രാളവുമാണ്. ഒന്നും രണ്ടുമല്ല, 'സിമിൽ എം.സി.ടി.ഡി'അഞ്ചെണ്ണവും, 'ജൂനിയർ ഹോർലിക്സ്' നാലെണ്ണവുമാണ് അവർ വാങ്ങിവെച്ചിരിക്കുന്നത്. മരുന്ന് കടയുടെ റാക്കുകളിൽ ഇനി ഒന്നോ രണ്ടോ കാണും. എന്തിനാണ് അവർ ഇത്രയൊക്കെ വാരിക്കൂട്ടുന്നത് എന്ന് ചോദിക്കാനെനിക്ക് തോന്നാതിരുന്നില്ല. ഞാൻ താമസിക്കുന്ന പാണ്ഡേശ്വര ത്തിനടുത്ത് താമസക്കാരിയായ ദേവയാനിയെന്ന സ്ത്രീയായിരുന്നു അത്.

അവരെ പരിചയമുണ്ടായിരുന്നത് കൊണ്ട് വെറുതെ തിരക്കി.

"എന്തിനാണ് ഇങ്ങനെ വാങ്ങിക്കൂട്ടുന്നത്?

അവർ: "വീട്ടിൽ ഒന്നും കരുതിവെച്ചിരുന്നില്ല. രണ്ടുദിവസമായി കുഞ്ഞിന് വെള്ളം മാത്രമാണ് കൊടുത്തത്."

തടിച്ചുകൊഴുത്ത അവരുടെ മാറിടത്തിലേക്ക് ദുർവിചാരമേതുമില്ലാതെ എന്റെ ശ്രദ്ധപതിഞ്ഞു.

"മകൾ പാലു കുടിക്കില്ലെ?"

അവൾ: "ഇല്ല, അവൾക്ക് പാൽ കൊടുക്കാറില്ല."

ഇതും പറഞ്ഞ് അവർ തിടുക്കത്തോടെ അമ്മയ്ക്ക് നേരെ തിരിഞ്ഞു...

"അമ്മ വേഗം കാറിൽ കയറൂ, നമുക്ക് പോകാം."

പിന്നെ എന്നോട്:

"വരട്ടെ."

അവർ അവരുടെ അമ്മയെയും കൂട്ടി കാറിൽ പുറപ്പെട്ടു.

കുഞ്ഞിന് 'പാൽ'കൊടുക്കാറില്ലെന്ന് പറഞ്ഞതിൽ മംഗലാപുരത്തായതിനാൽ എനിക്ക് അദ്ഭുതം തോന്നിയിരുന്നില്ല. രാജ്യത്ത് ഏറ്റവും കൂടുതൽ 'ഫെയർ ആന്റ് ലൗവ്‌ലി ' വിൽക്കുന്ന നഗരമാണ് മംഗലാപുരം. അവരുടെ മാറിനും മുഖത്തിനും കേട് വരുമെന്ന് സംശയം തോന്നിപ്പിക്കുന്ന ഒരു നന്മയും, അത് മുലയൂട്ടലായാൽ പോലും, ഇവിടെ മധ്യവർഗ സ്ത്രീകൾ ചെയ്യാറില്ല.

ഇത്തരമൊരു സമൂഹത്തിൽ കലാപവും ബന്ദും കർഫ്യൂവും വന്നുകഴിഞ്ഞാൽ പിഞ്ചുകുഞ്ഞുങ്ങളായിരിക്കും ആദ്യം പട്ടിണിയാവുക. നിയമവിധേയവും അല്ലാത്തതുമായ ധ്വംസനങ്ങളുടെ ആദ്യ ഇരകൾ കുഞ്ഞുങ്ങളാണ് എന്ന് എല്ലാ ആക്രമണങ്ങളും യുദ്ധങ്ങളും കർഫ്യൂകളും തെളിയിച്ചു കഴിഞ്ഞു. മംഗലാപുരത്ത് നടന്ന വർഗീയ കലാപത്തിന്റെ പുസ്തകം തുറക്കുമ്പോൾ ലഭിക്കുന്ന ആദ്യ പാഠവും മറ്റൊന്നല്ല.

ഞാനും റഊഫും പീരുഖാനും ഏതാനും കാരക്കയും കുറച്ച് വാടാറായ കക്കിരിയും സംഘടിപ്പിച്ചു. രണ്ട് ദിവസമായി ആഹാരം കഴിച്ചിട്ട്. കലാപവും കർഫ്യൂവും തുടങ്ങിയതിൽ പിന്നെ ഞങ്ങൾ പട്ടിണിയിലാണ്. പീരുവിനും റഊഫിനും നോമ്പായതിനാൽ അങ്ങനെ കടന്നുപോകും. എനിക്ക് അൾസറിന്റെ പ്രശ്നമുണ്ടായിരുന്നതിനാൽ ഒന്നും കഴിക്കാതിരിക്കാൻ കഴിയില്ല. അതുകൊണ്ട് കക്കൂസിലെ ടാപ്പിൽ നിന്നും വെള്ളം കുടിച്ചു. രണ്ടുദിവസങ്ങളിലായി പത്ത് പന്ത്രണ്ട് തവണ. ആദ്യദിവസം രണ്ടുപേരുടെയും നോമ്പുതുറയും വേണ്ടവിധം നടന്നില്ല. രണ്ടാം ദിവസം ഞങ്ങൾ കാരക്കകൊണ്ട് 'വിശപ്പടക്കി'.





കർഫ്യൂവിൽ ഏർപ്പെടുത്തിയ ഇളവ് അവസാനിക്കാറായി. പൊരുതി നേടിയ ഭക്ഷണവും കൊണ്ട് ഞങ്ങൾ കടയിൽ നിന്നും ഇറങ്ങാൻ ശ്രമിക്കുമ്പോൾ ആ 'ലൈവ് ടെലികാസ്റ്റി'ന്റെ അവസാന ഷോട്ടിലേക്ക് ഒന്നു കണ്ണോടിച്ചു. അപ്പോൾ കാണാമായിരുന്നു -മറ്റൊരു കടയിൽ സാധനങ്ങൾക്കു വേണ്ടിയുള്ള കൂട്ടപ്പൊരിച്ചിൽ. നഗരത്തിന്റെ ചലനം അതിലും കൗതുകകരമായിരുന്നു -ചീഞ്ഞ ശരീരത്തിൽ വെളുത്ത പുഴുക്കൾ പിടയുന്നതുപോലെ, സൂചി കുത്താൻ ഇടമില്ലാതെ ജനങ്ങളും വാഹനങ്ങളും ഞെങ്ങിഞെരുങ്ങുന്ന കാഴ്ച- അക്ഷരാർഥത്തിൽ എല്ലാവരും വന്നത് ഭക്ഷണത്തിന് വേണ്ടിയായിരുന്നു.

ഇതാ, കർഫ്യൂവിൽ അനുവദിച്ച ഇളവ് അവസാനിക്കാറായി. സമയം പത്ത് മുപ്പതോടടുക്കുന്നു. പൊടുന്നനെ സി. ആർ. പി. എഫുകാരുടെ വാഹനങ്ങൾ സൈറൺ മുഴക്കി തലങ്ങും വിലങ്ങും പാഞ്ഞു. ആൽമരച്ചില്ലയിൽ കൂടിയിരുന്ന കാക്കകൾ വെടിയൊച്ചകേട്ടാലെന്നപോലെ ജനങ്ങൾ അപ്രത്യക്ഷരായി. മിണ്ടാപ്രാണികൾ മാളത്തിലേക്ക് മടങ്ങി. ബന്ദിൽ നിന്നും ഹർത്താലിൽ നിന്നും ഒഴിവാക്കപ്പെടാറുള്ള ഭിക്ഷക്കാരെ വരെ കാണാനില്ല. നഗരത്തിൽ കാക്കികൾ മാത്രം ബാക്കി. ഒരു ഫോട്ടോ ഫിനിഷിംഗിൽ എല്ലാം ശുഭം. എന്തൊരു അനുസരണയുള്ള ജനം.

അങ്ങകലെ വലിയകെട്ടിടത്തിന്റെ ജനാലയിലൂടെ ഒരു വെളുത്ത തലേക്കെട്ടുള്ള കുട്ടി എത്തിനോക്കുന്നു. അപ്പോഴേക്കും നെല്ലിക്കായി റോഡിലൂടെ ബന്ദർ സ്റ്റേഷനിൽ നിന്നും സി. ആർ. പി. എഫ് റൂട്ട് മാർച്ച് തുടങ്ങിയിരുന്നു.

ദക്ഷിണ കാനറയിൽ കലാപം നടക്കുമ്പോൾ ഞാനവിടെ *മാധ്യമ*ത്തിന്റെ റിപ്പോർട്ടറായിരുന്നു. ദക്ഷിണ കാനറയിലെ ആദ്യത്തെ കലാപമായിരുന്നില്ല അത്. ബാബ്‌രി മസ്ജിദ് തകർക്കപ്പെട്ട സംഭവത്തെ തുടർന്ന് ഹിന്ദു-മുസ്‌ലിം ബന്ധങ്ങളിൽ വലിയ ചേരിതിരിവ് ഉണ്ടായിരുന്നു. ഇത് പലപ്പോഴായി സൂറത്ത്കല്ലിലും പുത്തൂരിലും ചിക്മംഗ്ലൂരിലും പൊട്ടിത്തെറിച്ചിട്ടുമുണ്ടായിരുന്നു. അതിന്റെ വികസിത രൂപങ്ങളായിരുന്നു 2006-ൽ മുസ്‌ലിംകൾക്കും 2008-ൽ ക്രിസ്ത്യാനികൾക്കും എതിരെ നടന്നത്. ഇക്കാലം കർണാടകയിൽ ബി.ജെ.പിയും ജനതാദളും അധികാരം പങ്കിടുകയായിരുന്നു. 2008-ൽ അവർ ക്രിസ്ത്യാനികൾക്കെതിരെ തിരിയുമ്പോഴേക്കും സംഘ്പരിവാറിന് കർണാടകയുടെ പൂർണ അധികാരം ലഭിച്ചിരുന്നു.

കർണാടകയുടെ ഹിന്ദു-മുസ്‌ലിം മനസ്സിൽ വിള്ളലുകൾ ഉണ്ടാക്കുന്നതിൽ മാധ്യമങ്ങൾ വലിയ പങ്കുവഹിച്ചു. ബാബ്‌രി മസ്ജിദ് തകർക്കലിന് ശേഷം വലിയ വിഭാഗം മാധ്യമങ്ങൾ സംഘ്പരിവാറിന്റെ പ്രചാരവാഹകരായി. സമൂഹത്തിന്റെ പൊതുമനസ്സ് മുസ്‌ലിം വിരുദ്ധമാക്കാനുള്ള വലിയ ശ്രമത്തിലായിരുന്നു കർണാടക മാധ്യമങ്ങൾ. 2002-ൽ ഗുജറാത്ത് വംശഹത്യാ

സംഭവത്തോടെ മാധ്യമങ്ങളുടെ ഈ ശ്രമങ്ങൾ കൂടുതൽ ശക്തമായി. ഈ പുസ്തകത്തിൽ ഇത് പരിശോധിക്കുന്നുണ്ട്. മാധ്യമങ്ങൾ ഒരു പ്രത്യേക വിഭാഗവുമായി ചേർന്ന് മറ്റൊരു വിഭാഗത്തിനെതിരെ ആസൂത്രിതമായി വാർത്തകൾ സൃഷ്ടിക്കുന്നുവെന്ന തിരിച്ചറിവ് ന്യൂനപക്ഷ വിഭാഗങ്ങൾക്കു ണ്ടായിത്തുടങ്ങി.

ജനാധിപത്യത്തിന്റെ നാലാം തൂണ് അഥവാ വിശുദ്ധപശുക്കൾ എന്ന റിയപ്പെടുന്ന മാധ്യമങ്ങൾക്ക് അങ്ങനെ ചെയ്യാൻ അധികാരമുണ്ടോ എന്ന താണ് ഇവിടെ ഉന്നയിക്കുന്ന ചോദ്യം. സ്വന്തം താൽപര്യം സംരക്ഷിക്കാൻ മാധ്യമങ്ങൾക്ക് അവകാശമുണ്ട്. മറ്റുള്ളവർക്ക് ജീവിക്കാൻ അവകാശം നിഷേ ധിക്കുന്ന മാധ്യമങ്ങൾ എങ്ങനെ ജനാധിപത്യത്തിന്റെ കാവൽക്കാരാകുമെ ന്നത് ഗുജറാത്ത്, കർണാടക കലാപകാലത്തെ മാധ്യമങ്ങളെ വിലയിരുത്തി പരിശോധിക്കാൻ ശ്രമിക്കേണ്ടതുണ്ട്. കലാപത്തിന്റെ മിസൈൽ വാഹകർ മാധ്യമങ്ങളാകുന്നത് തിരിച്ചറിയപ്പെടേണ്ടതുണ്ട്. ഗുജറാത്ത് വംശഹത്യാകാ ലത്ത് മാധ്യമങ്ങൾ നിർവഹിച്ച പങ്കും കർണാടകയിലെ കലാപം, തീവ്രവാദി വേട്ട, മുംബൈ തീവ്രവാദി ആക്രമണം തുടങ്ങിയ പ്രശ്നങ്ങളിൽ മാധ്യമങ്ങൾ നിർവഹിച്ച പങ്കും പരസ്പര പൂരകങ്ങളും തുടർച്ചയുമായിരുന്നു. ഗുജറാത്ത്, കർണാടക സംസ്ഥാനങ്ങളിലെ സ്വതന്ത്ര മാധ്യമങ്ങളുടെയും ഇന്ത്യൻ ചാന ലുകളുടെയും ഹൃദയം തുറക്കപ്പെടുന്നതിന് ഗുജറാത്ത്, കർണാടക, മുംബൈ 26/11 സംഭവങ്ങൾ സഹായകമായി. മാധ്യമങ്ങളുടെ മതനിരപേക്ഷ പൊള്ള ത്തരങ്ങളും ദേശീയവാദി മുഖങ്ങളും എല്ലാം അഴിഞ്ഞുവീഴുന്നത് ആശങ്ക യോടെ കാണാൻ കഴിയും.

കലാപങ്ങൾ റിപ്പോർട്ടു ചെയ്യുകയെന്നതായിരുന്നു എന്റെ കർത്തവ്യം. എന്നാൽ, കലാപം റിപ്പോർട്ടു ചെയ്ത മാധ്യമങ്ങളെ റിപ്പോർട്ടു ചെയ്യേണ്ടി വരുമെന്ന് കരുതിയിരുന്നില്ല.

മതനിരപേക്ഷതയുടെയും ഹിന്ദു-മുസ്‌ലിം മൈത്രിയുടെയും നൂറ്റാണ്ടു കളുടെ ചരിത്രമുള്ള തുളുനാട്ടിൽ വർഗീയതയുടെ വിഷവിത്ത് വീണത് 1980 കളുടെ ആദ്യമാണ്. സംഘ്പരിവാർ ശക്തികൾ ആസൂത്രിതമായി അവിടെ ഹിന്ദു മതമൗലികവാദ സംഘടനകൾക്ക് രൂപം നൽകി. ഈ സംഘടനകൾ മതസ്പർധക്ക് അസ്ഥിവാരമിടുന്നു. 1992-ൽ സൂറത്ത് കലാപവും, പിന്നാലെ വന്ന ബാബ്‌രിമസ്ജിദ് കലാപവും ദക്ഷിണകാനറയുടെ സാമൂഹിക ശാസ്ത്രം പൊളിച്ചെഴുതി. 2002 ലെ ഗുജറാത്ത് സംഭവത്തോടെ കർണാടകയുടെ രാഷ്ട്രീയ ചരിത്രവും ഗതിമാറിയൊഴുകുന്നു. ഇനി കർണാടകയിൽനിന്ന് ഗുജറാത്തിലേക്ക് അധിക ദൂരമില്ല.

ബാബ്‌രി മസ്ജിദ് തകർക്കുമ്പോൾ നിലപാട് വ്യക്തമാക്കാൻ മടിച്ചു നിന്ന ഇന്ത്യൻ വലതുപക്ഷ പത്രങ്ങൾ, ഗുജറാത്തിൽ വംശഹത്യക്ക് തുടക്കം





കുറിച്ചപ്പോൾ സംഘ്പരിവാറിനൊപ്പം ചേർന്നു. ഗുജറാത്തിൽ മോഡിയുടെ വംശഹത്യാരഥം മാധ്യമക്കുതിരകളാണ് വലിച്ചു കൊണ്ടുപോയത്. പത്ര ങ്ങളുടെ എല്ലുറപ്പ് കണ്ട് അമ്പരന്നുപോയ സംഘ്പരിവാർ അവരെ അരിയിട്ട് വാഴിച്ച് ചെല്ലും ചെലവും നൽകി കർണാടകയിലേക്ക് കൊണ്ടുവന്നു. ദക്ഷിണ കാനറയിൽ നടപ്പിലാക്കുന്ന ന്യൂനപക്ഷ പീഡന പദ്ധതിയിലെ പ്രധാന വകുപ്പ് മാധ്യമ മാനേജ്മെന്റായിരുന്നു. ഈ 'മാധ്യമ സിൻഡിക്കേറ്റാ'ണ് 2006-ലെ മംഗലാപുരത്തെ കലാപം നടപ്പിലാക്കിയത്. സംഘ്പരിവാറുമായി ചേർന്ന് ഭാഷാ മാധ്യമങ്ങൾ നടത്തിയ ആസൂത്രിത കലാപത്തിൽ ഒന്നാം പ്രതി മാധ്യമങ്ങളായിരുന്നു. അതുതന്നെയാണ് മറ്റ് കലാപങ്ങളിൽനിന്ന് ദക്ഷിണ കാനറയിലെ കലാപത്തെ വേറിട്ടുനിർത്തുന്നത്. ജനാധിപത്യ ത്തിന്റെ നാലാം തൂണ് നട്ടെല്ലൊടിഞ്ഞ് കിടക്കുന്ന കാഴ്ചകൾ ഗുജറാത്തിലും കർണാടകയിലും കാണാം. മതനിരപേക്ഷത ഇരുമ്പുലക്കയല്ലെന്ന് ജൈന- ബുദ്ധ പൈതൃകം പേറുന്ന ദക്ഷിണ കാനറയിലും തെളിഞ്ഞു. ഇനി കേരള ത്തിലേക്ക് അധിക ദൂരമില്ലെന്ന മുന്നറിയിപ്പാണ് നമുക്ക് ലഭിക്കുന്നത്.

തിരക്കേറിയ ഈ തൊഴിൽ ചെയ്യുന്ന ഒരാൾക്ക് ഇത്തരം ഒരു വിഷയത്തെ കുറിച്ച് ആഴത്തിലുള്ള പഠനം നടത്താൻ സമയം ലഭിക്കണമെന്നില്ല. എന്നാൽ, വലിയ അന്വേഷണങ്ങൾക്കുള്ള വിഭവങ്ങൾ ഇതിനകത്തുണ്ടെന്ന് എനിക്ക് തോന്നുന്നു.

ഇതോടൊപ്പം, 'വാർത്തയുടെ രാഷ്ട്രീയപരിണാമം' എന്ന ഒരു അധ്യായം ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇത് മുഖ്യ വിഷയവുമായി പൊരുത്തപ്പെടുന്നില്ല എന്നു തോന്നിയേക്കാം. എന്നാൽ, അങ്ങനെയല്ല. കാരണം, വാർത്തയുടെ സാമ്പ ത്തിക ശാസ്ത്രത്തെക്കുറിച്ച് ഏറ്റവും കൂടുതൽ പഠനം നടക്കുന്നത് ഇപ്പോ ഴാണ്. ഇവിടെയില്ലെങ്കിലും പശ്ചാത്യരാജ്യങ്ങളിലുണ്ട്. അതും പത്രപ്രവർത്ത കരല്ല, സാമ്പത്തിക ശാസ്ത്രജ്ഞന്മാർ, രാഷ്ട്രീയ നിരീക്ഷകർ എന്നിവർ. 'പ്രസ്സി'ന്റെ എല്ലാ മൂല്യങ്ങളുടെയും അടിത്തറയിളക്കിക്കൊണ്ടുള്ള മുന്നേറ്റ ത്തിൽ കലാപത്തിന് വലിയ സ്ഥാനമുണ്ട്. 'നവ മാധ്യമയുഗത്തിൽ കലാ പത്തെ മികച്ച ന്യൂസ് പ്രൊഡക്ട് ആയി കണക്കാക്കുന്നു. അതായത് ഒരു ചെലവ് കുറഞ്ഞ 'സോഫ്റ്റ് ന്യൂസ്'. ഈ സോഫ്റ്റ് ന്യൂസിന്റെ സാമ്പത്തിക ശാസ്ത്രം ആഗോള വത്കരണവുമായി ബന്ധപ്പെട്ടതാണ്. അതിന്റെ രാഷ്ട്രീ യമായ സൃഷ്ടിയാണ് വർഗീയ കലാപങ്ങൾ. വാർത്ത എന്ന ചരക്ക് വന്നെ ത്തിയ വഴികളെക്കുറിച്ച് വായനക്കാരന് ഏകദേശ ധാരണ 'വാർത്തയുടെ രാഷ്ട്രീയ പരിണാമ'ത്തെ കുറിച്ചുള്ള ലേഖനത്തിൽനിന്നും ലഭിക്കും.

മാധ്യമങ്ങളെയെല്ലാം പഴയപോലെ വായിക്കരുത് എന്ന മുന്നറിയിപ്പ് നൽ കുന്നത് മറ്റാരുമല്ല. ഒരു പത്രപ്രവർത്തകൻ തന്നെയാണ്. ഇത് സ്വന്തം തൊഴി ലിൽ വിശ്വാസം നഷ്ടപ്പെട്ടതുകൊണ്ടല്ല. ഞാനുൾപ്പെടുന്ന സമൂഹത്തിൽ

നഷ്ടപ്പെടുന്നത് വീണ്ടെടുക്കാനുള്ള ശ്രമത്തിന്റെ ഭാഗമാണ് ഈ എളിയ നീക്കം. എനിക്ക് പരിചയമില്ലാത്ത ഭാഷകളിലെ പത്രങ്ങളാണ് ഈ ഗ്രന്ഥത്തിൽ ഏറെ പരാമർശിക്കുന്നത്. നിരവധി പത്രങ്ങളെ അന്വേഷിച്ച് പോകേണ്ടിവന്നിട്ടുണ്ട്. തീർച്ചയായും അവയിലെ വാർത്തകൾ ഞാൻ കണ്ടെത്തിയതാവില്ലല്ലോ? ഇത്തരം വാർത്തകളുണ്ടെന്ന് മറ്റുള്ളവർ ശ്രദ്ധയിൽ പെടുത്തിത്തന്നാൽ മാത്രമേ എനിക്ക് അത് വിശ്വസിക്കാനാവൂ. ഗുജറാത്തി, കന്നട ഭാഷാ പത്രങ്ങളെ കുറിച്ച് പഠിക്കാൻ നിരവധി സുഹൃത്തുക്കളുടെ സഹായം വേണ്ടിവന്നു. 2006-ൽ മംഗലാപുരം കലാപം നടന്നതിന് ശേഷമാണ് ഈ ശ്രമങ്ങൾക്ക് തുടക്കമിട്ടത്. വഡോദര, അഹ്മദാബാദ് എന്നിവിടങ്ങളിൽ സുഹൃത്തുക്കളുടെ സുഹൃത്തുക്കൾ മുഖേന ബന്ധപ്പെട്ടാണ് പത്രവാർത്ത പലതും സാധ്യമാക്കിയത്.

ഗുജറാത്ത് വംശഹത്യയുമായി ബന്ധപ്പെട്ട് പഠനം നടത്തിയ ശാന്തി അഭിയാൻ പോലെയുള്ള സംഘടനകളുടെ അന്വേഷണ റിപ്പോർട്ടുകൾ ഇത്തരം വാർത്തകൾ ലഭ്യമാക്കുന്നതിന് ഏറെ പ്രയോജനപ്പെട്ടു. കർണാടകത്തിൽ പല സ്ഥലങ്ങളിലും യാത്ര ചെയ്യേണ്ടിവന്നിട്ടുണ്ട്. ഇരകൾക്ക് വേണ്ടി വേട്ടക്കാരുടെ സഹായവും തേടിയിട്ടുണ്ട്. എല്ലാവർക്കും നന്ദി.

ഇതിന്റെ ഒന്നാം പതിപ്പ് അച്ചടിച്ച മിഡാസിന്റെ റജി അപ്പോൾ തന്നെ പറഞ്ഞിരുന്നു രണ്ടു മാസത്തിനകം ഇതിന്റെ രണ്ടാം പതിപ്പ് ഇറക്കേണ്ടി വരും എന്ന്. പ്രസിദ്ധീകരിച്ച് രണ്ട് മാസത്തിനകം *കാവിപ്പശു*വിന്റെ പകുതിയും വിറ്റുതീർന്നു. ആറ് മാസത്തിനകം ഏതാണ്ട് മുഴുവനും. ഒരു മാധ്യമ പഠന ഗ്രന്ഥം, അല്ലെങ്കിൽ വൈജ്ഞാനിക സാഹിത്യം നിരവധി പുസ്തക ചർച്ചകൾക്ക് വിധേയമാകുന്നത് സമീപകാലത്ത് ആദ്യമാണ്. പതിനഞ്ചിലേറെ ചർച്ചകൾ *കാവിപ്പശു*വിന്റെ പേരിൽ നടന്നു. നിരവധി കുറിപ്പുകളും നിരൂപണങ്ങളും വന്നു. ഈ ഗ്രന്ഥം വായനക്കാരൻ കാത്തിരുന്നതാണെന്ന് തോന്നിയത് അപ്പോഴാണ്. പുസ്തകം വിപണിയിൽനിന്ന് അപ്രത്യക്ഷമായതിന്റെ 'പ്രത്യാഘാതം' നേരിട്ട് അറിഞ്ഞപ്പോഴാണ് രണ്ടാം പതിപ്പിനിറങ്ങിയത്; അതിന്റെ ചുമതല കോഴിക്കോട് 'പ്രതീക്ഷ' ഏറ്റെടുക്കാൻ തയ്യാറായത്. കർണാടകയിൽനിന്ന് തൊഴിൽ കോഴിക്കോട്ടേക്ക് മാറ്റപ്പെട്ടപ്പോൾ പ്രസാധകരെ മാറ്റേണ്ടിവന്നു. ഇപ്പോൾ ഒരു വർഷം കഴിഞ്ഞ് രണ്ടാം പതിപ്പ് ഇറങ്ങുന്നു. കേരളത്തിലേക്ക് കൂടുതൽ ശ്രദ്ധ പതിപ്പിച്ചുകൊണ്ട്. ഒന്നാം പതിപ്പിന് പ്രോത്സാഹനം നൽകിയവരും രണ്ടാം പതിപ്പിന് പ്രേരണ നൽകിയവരുമായ നിരവധി പേർക്ക് നന്ദി രേഖപ്പെടുത്തേണ്ടതുണ്ട്. ഈ വിഷയം ഗ്രന്ഥമാക്കുന്നതിനെ സർവാത്മനാ സ്വാഗതം ചെയ്ത് പ്രോത്സാഹിപ്പിച്ച പത്രപ്രവർത്തക യൂണിയൻ സംസ്ഥാന പ്രസിഡണ്ടായിരുന്ന *മാതൃഭൂമി* ഡെപ്യൂട്ടി എഡിറ്റർ എൻ.പി. രാജേന്ദ്രൻ(ഇന്ദ്രൻ), ചെറുകഥാകൃത്ത് ടി.എൻ.





പ്രകാശ്, പി.കെ. പാറക്കടവ്, എഴുത്തുകാരനും സംവിധായകനുമായ എം.എ. റഹ്മാൻ, ഉഡുപ്പി പേജാവർ മഠത്തിലെ സുഹൃത്തുക്കൾ, *സഞ്ചേവാണി* കന്നട ദിനപത്രത്തിലെ പത്രപ്രവർത്തക രശ്മിപ്രഭ, കർണാടക കോമു സൗഹാർദ വേദികെ പ്രവർത്തകൻ ഉമ്മർ പെർണാട്, *മാധ്യമം* വീക്കിലീ സബ് എഡിറ്റർ സവാദ് റഹ്മാൻ, മംഗലാപുരം ലേഖകനായിരുന്ന ജലീൽ പടന്ന, ഒമാൻ ട്രൈബ്യൂണൽ സ്പെഷ്യൽ കറസ്പോൺഡന്റ് എ. ഹരികുമാർ, എം. ശുഭ, സംഘടനകളായ കോമു സൗഹാർദ വേദികെ, കർണാടക കമ്യൂണൽ ഹാർമണി, എഡിറ്റേഴ്സ് ഗിൽഡ്, എഡിറ്റേഴ്സ് കോൺക്ലേവ്, പ്രസ് കൗൺസിൽ ഓഫ് ഇന്ത്യ, ദേശീയ മനുഷ്യാവകാശ കമീഷൻ, ശാന്തി അഭിയാൻ, ന്യൂനപക്ഷ കമീഷനുകൾ, പത്രപ്രവർത്തക യൂണിയനുകൾ, ഈ പുസ്തകം വായിക്കാൻ താൽപര്യം കാണിച്ച സി.പി.എം ജനറൽ സെക്രട്ടറി പ്രകാശ് കാരാട്ട്, സി.പി.ഐ ദേശീയ സെക്രട്ടറി സി.കെ. ചന്ദ്രപ്പൻ, എം.പി. വീരേന്ദ്രകുമാർ, ബിനോയ് വിശ്വം എന്നിവർക്കുള്ള നന്ദിയും ഇവിടെ രേഖപ്പെടുത്തുന്നു.

ഈ പുസ്തകത്തിന്റെ നിരൂപണങ്ങളും കുറിപ്പുകളും പ്രസിദ്ധപ്പെടുത്തിയ *മാതൃഭൂമി*, *മാധ്യമം*, *ദേശാഭിമാനി*, വിദേശപത്രമായ *അറബ് ന്യൂസ്*, മലയാളത്തിലെ ചാനലുകൾ എന്നിവക്കും നന്ദി രേഖപ്പെടുത്തുന്നു. എന്റെ കാഴ്ചപ്പാടുകളോട് മൗലികമായി തന്നെ വിയോജിക്കുന്നവരുണ്ടാകും. പക്ഷേ ജനാധിപത്യത്തിന്റെ നാലാം തൂണ് അഥവാ ജനാധിപത്യത്തിലെ 'വിശുദ്ധ പശുക്കൾ' എന്ന് അറിയപ്പെടുന്ന മാധ്യമങ്ങൾ അവരുടെ ദൗത്യം തലകീഴായി നിർവഹിക്കുന്നു എന്ന സത്യം നിരാകരിക്കത്തക്കതല്ലെന്ന് തോന്നുന്നു. വിശുദ്ധപശുക്കൾ കാവിവത്കരിക്കപ്പെടുന്നത് മാധ്യമപ്രവർത്തകർ മാത്രം മനസ്സിലാക്കേണ്ടതല്ല. പൊതു സമൂഹം മുഴുവൻ പരിശോധിക്കേണ്ടതാണ്. അതുകൊണ്ട് ഈ ഗ്രന്ഥം വീണ്ടും സമർപ്പിക്കുന്നു.

**രവീന്ദ്രൻ രാവണേശ്വരം**

അവതാരിക

# മാധ്യമ ധർമവും മതേതരത്വവും

എൻ.പി. രാജേന്ദ്രൻ
ഡെപ്യൂട്ടി എഡിറ്റർ, *മാതൃഭൂമി*

•

**സ**മൂഹത്തിന്റെ ഓരോ പ്രതിസന്ധിയിലും മാധ്യമങ്ങൾ എങ്ങനെ അതിനോട് പ്രതികരിക്കുന്നു എന്നത് സമീപകാലത്തായി ആവർത്തിച്ച് ചർച്ച ചെയ്യപ്പെടുന്നുണ്ട്. രാജ്യത്തെ വ്യത്യസ്ത പ്രദേശങ്ങളിൽ മതത്തിന്റെ പേരിൽ കലാപങ്ങൾ നടന്നപ്പോഴെല്ലാം ഇത് മാധ്യമങ്ങളിൽതന്നെ ചർച്ചാവിഷയമായിട്ടുണ്ട്. കലാപങ്ങൾക്ക് ഇരയായവർ അസംതൃപ്തിയും രോഷവും നിറഞ്ഞ വാക്കുകളിൽ മാധ്യമങ്ങളോട് പ്രതികരിക്കുന്നത് കണ്ടിട്ടുണ്ട്; അത് അറുപതുകളിലും എഴുപതുകളിലും. തങ്ങളുടെ യാതനയും നഷ്ടങ്ങളും കലാപകാരികളുടെ ക്രൂരതയും മാധ്യമങ്ങൾ വേണ്ടത്ര വിശദമായി ചിത്രീകരിച്ചില്ല എന്നായിരുന്നു അന്നൊക്കെ അവർ പരാതിപ്പെടാറുള്ളത്. കലാപത്തിന് ചൂട്ടുപിടിക്കുന്ന വിധത്തിൽ ചില പത്രങ്ങൾ റിപ്പോർട്ട് ചെയ്തുവെന്ന ആക്ഷേപവും ഉയർന്നുവന്നിട്ടുണ്ട്. അതെല്ലാം സാധാരണയിൽനിന്നുള്ള അപൂർവമായ വ്യതിയാനങ്ങൾ മാത്രം. പ്രസ് കൗൺസിലിന്റെയും എഡിറ്റേഴ്സ് ഗിൽഡിന്റെയും പ്രതിനിധി സംഘങ്ങൾ കലാപം നടന്ന മുറാദാബാദിലും ഭീവണ്ടിയിലും തെളിവെടുപ്പുകൾ നടത്തിയിട്ടുണ്ട്. റിപ്പോർട്ടിങ്ങിൽ ദുരുദ്ദേശ്യത്തോടെയല്ലാതെ കടന്നുവരുന്ന അബദ്ധങ്ങളും കയറിക്കൂടുന്ന വാക്കുകളും എങ്ങനെ കലാപത്തിന് എണ്ണ പകരുന്നു എന്നവർ ചൂണ്ടിക്കാട്ടിയിട്ടുമുണ്ട്. വർഗീയകക്ഷികൾ നടത്തുന്ന പ്രസിദ്ധീകരണങ്ങൾ, കലാപത്തിന് ഉത്തരവാദികൾ എതിർമതക്കാരും അവരുടെ സംഘടനകളുമാണെന്ന് സ്ഥാപിക്കാൻ ശ്രമിക്കാറുണ്ടെങ്കിലും എരിതീയിൽ ദിവസവും എണ്ണയൊഴിക്കാനൊന്നും ഇറങ്ങിപ്പുറപ്പെടാറില്ല.

ഇപ്പോൾ അതെല്ലാം മാറിയിരിക്കുന്നു. ഗുജറാത്ത് കലാപമാണ് ഈ മാറ്റത്തിന്റെ ആരേയും ഞെട്ടിക്കുന്ന പുതിയ രൗദ്രമുഖം പ്രദർശിപ്പിച്ചത്. ഗുജറാത്ത് പോലീസിനെ ഒഴിച്ചുനിർത്തിയാൽ ആരാണ് ഏറ്റവും കുറ്റകരമായ പങ്ക് കലാപത്തിൽ വഹിച്ചത് എന്ന് ചോദിച്ചാൽ ഗുജറാത്തിലെ മുസ്ലിം ജനത ഒരേ സ്വരത്തിൽ *ഗുജറാത്ത് സമാചാറും സന്ദേശും* എന്ന് വിളിച്ചുപറയുമായിരുന്നു. *മെയിൻസ്ട്രീം* വാരികയിൽ ബതുക് വോറ അന്നെഴുതിയ ലേഖനത്തിൽ ഈ ഭീകരചിത്രം കൃത്യമായി വരച്ചുവെക്കുകയുണ്ടായി. രണ്ടുപത്രങ്ങൾ ഏത് ക്രിമിനൽ സംഘത്തിനും കഴിയാത്ത തരത്തിൽ ഹിന്ദു മനസ്സുകളിൽ പകയും വൈരാഗ്യവും പ്രതികാരബുദ്ധിയും മൃഗീയമായി ഹിംസയുടെ അഗ്നിയും കോരിയൊഴിച്ചു.

നിയമത്തിന്റെയും മാധ്യമ മര്യാദയുടെയും പ്രാഥമിക തത്ത്വങ്ങൾപോലും പാലിക്കാതെയുള്ള ഈ മാധ്യമപ്രവർത്തനം എന്തിനു വേണ്ടിയായിരുന്നു എന്ന് എഡിറ്റേഴ്സ് ഗിൽഡ് പ്രതിനിധികൾ *ഗുജറാത്ത് സമാചാർ, സന്ദേശ്* പത്രാധിപന്മാരോട് ചോദിക്കുകയുണ്ടായി. "ഞങ്ങൾക്ക് പത്രം വിൽക്കേണ്ടേ സാർ. എതിർപത്രം എന്താണ് എഴുതുകയെന്ന് ഞങ്ങൾ എങ്ങനെയറിയും" എന്നാണ് പത്രാധിപന്മാർ തിരിച്ചുചോദിച്ചത്. രണ്ടുപത്രങ്ങളുടെയും സർക്കുലേഷൻ കുതിച്ചുകയറി. രണ്ടുകൂട്ടരും ഒരേ രീതിയിൽ ഒരേ കള്ളങ്ങളായിരുന്നു എഴുതിപ്പരത്തിയിരുന്നത് എന്ന് ധരിക്കേണ്ട. *സന്ദേശി*ന്റെ കള്ളങ്ങൾ *സമാചാർ* പിറ്റേന്നുതന്നെ നിഷേധിക്കും, *സമാചാറി*ന്റേത് *സന്ദേശും*. എന്നിട്ട് സ്വന്തം കള്ളങ്ങൾ എഴുതിവിടും. അഹ്മദാബാദും രാജ്കോട്ടും വഡോദരയും സൂറത്തും കത്തിയപ്പോൾ ഭവ്നഗർ കത്താനൽപ്പം വൈകി. *സന്ദേശ്* പത്രത്തിന്റെ കൂറ്റൻ തലവാചകം ഇതായിരുന്നു – 'ഭവ്നഗറുകാർ കൈയിൽ വളയിടുകയാണ് വേണ്ടത്'– ആണത്തം ചോദ്യം ചെയ്യപ്പെട്ടതുകൊണ്ടാകാം, പിറ്റേന്ന് അവരും കൊലക്കത്തികളുമായി ഇറങ്ങി. ഒരു കാര്യം കൂടി പറയാതിരിക്കാൻ വയ്യ. കലാപംകഴിഞ്ഞപ്പോൾ, കലാപം നന്നായി റിപ്പോർട്ട് ചെയ്തതിനുള്ള അഭിനന്ദനക്കത്തുകൾ രണ്ടുപത്രങ്ങൾക്കും മോഡി അയച്ചുകൊടുത്തു!

എല്ലാം കഴിഞ്ഞ് അനേകവർഷങ്ങൾക്ക് ശേഷം, കലാപകാലത്തെ രണ്ടു പത്രങ്ങളുടെയും നടപടികൾ അങ്ങേയറ്റത്തെ പത്രധർമ ലംഘനവും മര്യാദകേടും ഒക്കെയാണെന്ന് ഒരുപക്ഷേ പ്രസ് കൗൺസിൽ വിധി പറഞ്ഞിട്ടുണ്ടാകാം. എന്തോ ഈ ലേഖകൻ അതൊന്നും നോക്കിയില്ല. ആ വിധി പ്രസിദ്ധപ്പെടുത്താൻ ഒരുപക്ഷേ *സന്ദേശി*നും *സമാചാറി*നും മനസ്സ് വന്നിട്ടുമുണ്ടാകില്ല. അതുകൊണ്ടൊന്നും ഒരു ദോഷവും അവർക്ക് സംഭവിച്ചിട്ടില്ല. പ്രസ് കൗൺസിലിന് അത്രയൊക്കെ ചെയ്യാനേ അധികാരമുള്ളൂ.

പത്രം എന്ന് വിളിക്കപ്പെടാൻ അർഹത അവകാശപ്പെടുന്ന ഒരു സ്ഥാപനം





ചെയ്യുമെന്ന് ഒരിക്കലും സങ്കൽപ്പിക്കാൻ കഴിയാത്ത വിധത്തിലാണ് ഗുജറാത്തിലെ രണ്ടു പത്രങ്ങൾ പ്രവർത്തിച്ചതെന്ന് രവീന്ദ്രൻ രാവണേശ്വരം ഈ പുസ്തകത്തിൽ വിശദീകരിക്കുന്നുണ്ട്. എല്ലാ പത്രങ്ങളും ഇങ്ങനെയായിരുന്നില്ല. ഇംഗ്ലീഷ് പത്രങ്ങളും ദേശീയ ദൃശ്യ മാധ്യമങ്ങളും കലാപം കെടുത്താനാണ് ശ്രമിച്ചത്. പ്രാദേശിക ടെലിവിഷൻ ചാനലുകൾ *സന്ദേശ്-സമാചാർ* പാത പിന്തുടർന്നു. *ഗുജറാത്ത് ടുഡേ* പോലുള്ള പത്രങ്ങൾ സാമാന്യം നിഷ്പക്ഷതയോടെ റിപ്പോർട്ടിങ് നിർവഹിച്ചു. മാധ്യമങ്ങൾ എന്ന് വിമർശകർ അടക്കിപ്പറയുമ്പോഴും വ്യക്തികളും സംഘടനകളും എങ്ങനെ വ്യത്യസ്തമായിരിക്കുന്നുവോ അതുപോലെ മാധ്യമങ്ങളും വ്യത്യസ്തങ്ങളായിരുന്നു എന്ന് പറയാതെവയ്യ. ഒറ്റ വഴിക്കല്ല അവർ നീങ്ങിയത്. പക്ഷേ, തെറ്റായ വഴിക്ക് പോകുന്നവരുടെ എണ്ണം വല്ലാതെ കൂടിയിരിക്കുന്നു. ഒരാവേശത്തിലോ അറിവില്ലായ്മ കൊണ്ടോ വരുത്തുന്ന ചെറിയ തെറ്റുകളായിരുന്നില്ല അവരുടേത്. ചിന്തിച്ചുറപ്പിച്ച, കൃത്യമായ ഉദ്ദേശ്യങ്ങളുള്ളതായിരുന്നു അവയുടെ അതിക്രമങ്ങൾ. കുടുതൽ മാധ്യമങ്ങൾ ആ വഴിയിലേക്ക് നീങ്ങുന്നു. അങ്ങേയറ്റം ആശങ്കാകുലമാണ് സ്ഥിതി എന്ന് രവീന്ദ്രന്റെ പഠനം വെളിവാക്കുന്നു.

ഗുജറാത്തിൽനിന്ന് വളരെയൊന്നും അകലെയല്ല കർണാടക എന്നത് ഒരു മുന്നറിയിപ്പ് കൂടിയാണ്. സ്വന്തം പ്രവർത്തന മണ്ഡലം എന്ന നിലയിൽ രവീന്ദ്രന് മംഗലാപുരവും മറ്റു ദക്ഷിണ കാനറ പ്രദേശങ്ങളും സുപരിചിതങ്ങളാണ്. മതേതരവും മൂല്യവത്തുമായ പത്രപ്രവർത്തനത്തിന്റെയും മതസൗഹാർദത്തിന്റെയും നീണ്ട ചരിത്രം ഈ പ്രദേശത്തിനുണ്ടെന്ന് രവീന്ദ്രന്റെ പഠനം വ്യക്തമാക്കുന്നു. വാളേന്തി വന്നവരല്ല കാനറയിലെ ആദ്യകാല മുസ്ലിംകൾ. ദേശീയപ്രസ്ഥാനത്തിലും പ്രാദേശിക സംസ്കാരത്തിന്റെ പരിപോഷണത്തിലും മതവ്യത്യാസമുണ്ടായിട്ടില്ല. പക്ഷേ, ദക്ഷിണ കാനറയിലും ഹിന്ദുത്വവാദികൾ ഒരു പ്രകോപനവുമില്ലാതെ വിദ്വേഷത്തിന്റെ വിത്തു വിതച്ചു. അവിടെയും ഇവിടെയും ചെറുതും വലുതുമായ ഏറ്റുമുട്ടലുകളുണ്ടായി. മംഗലാപുരം കടുത്ത വർഗീയാക്രമണത്തിന്റെ വേദിയായി. അപ്പോൾ മാധ്യമങ്ങളും ഗുജറാത്ത് വഴിയിലേക്ക് പോകാൻ ഒരുമ്പെടുകയാണുണ്ടായത്. മതേതരവും യുക്തിപൂർണവുമായി പ്രശ്നങ്ങളെ വിലയിരുത്തി സമൂഹത്തിന് വെളിച്ചമാകാനോ വസ്തുനിഷ്ഠമായ റിപ്പോർട്ടിങ്ങിലൂടെ നാട്ടിലെ സൗഹാർദാന്തരീക്ഷം വളർത്താനോ അല്ല അവ ശ്രമിച്ചത്.

ഗുജറാത്തിലായാലും കർണാടകയിലായാലും കേരളത്തിലായാലും പൊതുവായി കാണുന്ന പ്രവണതകൾ അവഗണിക്കാൻ ഒരു മാധ്യമ നിരീക്ഷകന് കഴിയില്ല. കർണാടകത്തെ സംബന്ധിച്ച് രവീന്ദ്രൻ ഉന്നയിക്കുന്ന കാര്യങ്ങൾ കേരളത്തിനും ബാധകമാണ്. സമീപകാലത്ത് ഇതിനെക്കുറിച്ചുള്ള ആശങ്കകളും ചർച്ചകളും ഏറിവരുന്നുമുണ്ട്. അവിടെയും ഇവിടെയും ഉണ്ടായ

ബോംബ് സ്ഫോടനങ്ങളെത്തുടർന്ന് നാട്ടിലെങ്ങും ഒരു മതവിഭാഗക്കാരോടുള്ള സമീപനം സംശയാസ്പദമാകുന്നു. യഥാർഥത്തിൽ നടന്ന സംഭവങ്ങളെക്കാൾ പല മടങ്ങ് പോലീസ് ഉണ്ടാക്കിയെടുത്ത കഥകളും സംശയങ്ങളും മുസ്‌ലിംകളെ മുഴുവൻ അക്രമകാരികളും ഭീകരവാദികളുമായി കാണാൻ ഭൂരിപക്ഷ സമുദായത്തിന് പ്രേരണയാകുന്നു. താടിയും മറ്റു മതചിഹ്നങ്ങളുമായി നടക്കുന്നവരെല്ലാം ഭീകരവാദികളുടെ പിന്തുണക്കാരാണെന്ന ധാരണ ഭൂരിപക്ഷ സമുദായത്തിലെ കൊച്ചുകുട്ടികൾക്ക് പോലും ഉണ്ടാക്കുന്നതിലൂടെ ഒരു രാഷ്ട്രീയലക്ഷ്യമാണ് വിഭാഗീയതയുടെയും വർഗീയതയുടെയും ശക്തികൾ നേടിയെടുക്കുന്നത്. കുറെ അറിഞ്ഞും കുറെ അറിയാതെയും മാധ്യമപ്രവർത്തകനും ആ രാഷ്ട്രീയ ഗൂഢാലോചനയിൽ പങ്കാളിയാകുന്നു.

മാധ്യമശൈലിയും സ്ഥാപനങ്ങളുടെ നിലപാടും വ്യക്തികളുടെ സമീപനവുമെല്ലാം വ്യത്യസ്തങ്ങളായിരിക്കുമ്പോൾത്തന്നെ തൊഴിൽപരമായി കുറെയേറെ സമാനതകൾ മാധ്യമപ്രവർത്തകർക്കിടയിലുണ്ട്. വാർത്താശേഖരണവും അതിന്റെ വിതരണവും ഏതാണ്ട് ഒരേ രീതിയിലാണ് എല്ലാ മാധ്യമസ്ഥാപനങ്ങളും നിർവഹിക്കുന്നത്. സമീപകാലത്ത് മാധ്യമവിശ്വാസ്യതക്ക് നേരെ ഉയർന്നിട്ടുള്ള ചോദ്യങ്ങളേറെയും ഈ പരിസരത്ത് നിന്നാണ് രൂപപ്പെട്ടതെന്ന് കാണാൻ കഴിയും.

അതെങ്ങനെ സംഭവിക്കുന്നു? രണ്ട് രീതിയിൽ ഇതിന്റെ രൂപവത്കരണം നടക്കുന്നുണ്ട്. ഒന്ന്, പത്രപ്രവർത്തകന്റെ തൊഴിൽ പരമായ പരിമിതിയും സമീപനപരമായ ദൗർബല്യവും മൂലം. ഇതിന്റെ ഉൽഭവം വാർത്താസ്രോതസ്സിൽ നിന്നാണ്. രണ്ടാമത്തെ പ്രശ്നം വിപണിക്കൊത്ത് വാർത്തകൾ നൽകുന്ന പുതിയകാല സമീപനമാണ്.

മാധ്യമപ്രവർത്തകന്റെ മുഖ്യസോഴ്സ് -വാർത്താ സ്രോതസ്- ഏത് വ്യവസ്ഥയിലും ഔദ്യോഗിക കേന്ദ്രങ്ങളാണ്. മോഷണമാകട്ടെ കൊലപാതകമാകട്ടെ ഭീകരാക്രമണമാകട്ടെ പോലീസിൽനിന്നുള്ള വിവരങ്ങൾ ആണ് മാധ്യമപ്രവർത്തകന്റെ അസംസ്കൃത പദാർഥം. ഡെഡ്‌ലൈൻ അവന്റെ തലക്ക് മുകളിൽ തൂങ്ങിനിൽക്കുന്നു. പോലീസിന് കേസന്വേഷിക്കാനും കുറ്റപത്രമുണ്ടാക്കാനും മാസങ്ങളെടുക്കാം. പത്രങ്ങളിലെ റിപ്പോർട്ടർക്ക് സന്ധ്യവരെയോ രാത്രിവരെയോ വിവരങ്ങൾ ക്രോസ് ചെക്ക് ചെയ്യാനും കൂടുതൽ വിവരങ്ങൾ ശേഖരിക്കാനും ചെലവഴിക്കാം. ടെലിവിഷൻ പത്രപ്രവർത്തകന് ഈ ആഡംബരവുമില്ല. ഓരോ മിനിട്ടും അവന്റെ ഡെഡ്‌ലൈൻ ആണ്. എതിർ ചാനൽ ഫ്ളാഷ് അടിക്കുംമുമ്പ് ഇവൻ അടിച്ചിരിക്കണം. ഒരു വിവരവും അന്വേഷിക്കാൻ കഴിയുകയില്ല. വിവരങ്ങളുടെ സത്യാവസ്ഥ തിരക്കാൻ സമയമെടുക്കുന്ന ലേഖകനെ ഒരു മാധ്യമ സ്ഥാപനത്തിനും വേണ്ട. എല്ലാ





ചാനലും കൊടുത്ത വിവരം ശരിയായാലും അല്ലെങ്കിലും ഒരു ചാനലിൽ വന്നില്ലെങ്കിൽ നാട്ടുകാർക്കും പുച്ഛമാണ്. അത്തരം ചാനലിനെ നാട്ടുകാർക്കും വേണ്ട. വസ്തുനിഷ്ഠമാധ്യമപ്രവർത്തനത്തിന് നേരെ വീണ ആദ്യത്തെ കത്തിയാണിത്. മുൻപ് ഒന്നോ രണ്ടോ പത്രങ്ങൾ മാത്രം ഉണ്ടായിരുന്ന കാലത്ത് സംശയകരമായ വാർത്തകൾ തള്ളിക്കളയാൻ ലേഖകന് സ്വാതന്ത്ര്യമുണ്ടായിരുന്നു. ഇന്ന് ഒരു ലേഖകനും ആ സ്വാതന്ത്ര്യമില്ല. നിങ്ങൾ കൊടുക്കുന്നുണ്ടോ, ഇല്ലെങ്കിൽ ഞാൻ ഈ വാർത്ത മറ്റേ പത്രത്തിന് കൊടുക്കും എന്ന് പറയേണ്ട താമസമേ ഉള്ളൂ ലേഖകൻ പേനയെടുത്ത് എഴുതിത്തുടങ്ങും.

ലേഖകന്മാർക്ക് ബഹുഭൂരിപക്ഷം വാർത്തകളും നൽകുന്നത് ഔദ്യോഗിക വക്താക്കൾ ആണെന്നു പറഞ്ഞല്ലോ. പത്രസമ്മേളനങ്ങൾ നടത്തി എല്ലാവർക്കുമായി നൽകുന്ന വാർത്തയായാലും ചിലർക്കുമാത്രമായി ചോർത്തി നൽകുന്ന വാർത്തയായാലും വാർത്ത നൽകുന്ന ആൾക്ക് മാധ്യമങ്ങളുടെ മേൽ പ്രകടമായ ഒരു ആധിപത്യം ഉണ്ടാകുന്നു എന്ന വസ്തുത മാധ്യമരംഗത്തുള്ള ആർക്കും നിഷേധിക്കാൻ കഴിയില്ല. വാർത്ത ലേഖകന്റെ അന്നമാണ്. അത് നൽകുന്നവനോട് അന്നം നൽകുന്നവനോട് ഉള്ളതുപോലുള്ള ആശ്രിതത്വം തന്നെ ഉണ്ടാകുന്നുണ്ട്. മാധ്യമപ്രവർത്തകനും മാധ്യമസ്ഥാപനത്തിനും കടുത്ത ഇച്ഛാശക്തിയുണ്ടെങ്കിലേ ഒരുപാടിനം സോഴ്സുകളെ അവഗണിക്കാൻ കഴിയൂ. ബൈലൈൻ എക്സ്ക്ലൂസീവുകളോട് പല ലേഖകർക്കും മദ്യപാനികൾക്ക് മദ്യത്തോടുള്ളത് പോലുള്ള ആകർഷണമാണുള്ളത്. ഒരു വിധപ്പെട്ട തത്ത്വംപറച്ചിലുകളൊന്നും അവരെ പിന്തിരിപ്പിക്കില്ല. ന്യൂനപക്ഷ വർഗീയത, ഭീകരപ്രവർത്തനം, രാജ്യസ്നേഹം പോലുള്ളതാണ് വിഷയങ്ങളെങ്കിൽ കൃത്യമായ നിലപാടുകളില്ലാത്തവർ (കൃത്യമായ വർഗീയ നിലപാടുകളുള്ളവരുടെ കാര്യം പറയാനുമില്ല) വാർത്തയുടെ ആകർഷണത്തിൽ വീഴുകതന്നെ ചെയ്യും. മിക്കപ്പോഴും ഒരു ദിവസത്തെ വാർത്തയുടെ അജണ്ട വാർത്താചാനലുകൾതന്നെ നിശ്ചയിച്ചുകഴിഞ്ഞിരിക്കും. രാവിലെതൊട്ടേ ചാനലുകൾ വിളിച്ചുപറഞ്ഞതിന് വിരുദ്ധമായ വാർത്ത നൽകാനുള്ള പ്രിന്റ് മീഡിയയുടെ കഴിവ് അനുദിനം ഇല്ലാതായിക്കൊണ്ടിരിക്കുകയാണ്.

കുറ്റാന്വേഷണം സംബന്ധിച്ച് പോലീസ് നൽകുന്നതാണ് വാർത്തയെങ്കിൽ വാർത്താലേഖകന് എത്രത്തോളം അതിനെ അവിശ്വസിക്കാൻ കഴിയുമെന്ന ചോദ്യവുമുണ്ട്. പോലീസ് എന്നത് ഔദ്യോഗിക അന്വേഷണ ഏജൻസിയാണ്. സമൂഹം അവർക്ക് ഏൽപിച്ചുകൊടുത്ത ചുമതലയാണ് കുറ്റാന്വേഷണം. അതവർ സത്യസന്ധമായി നിർവഹിക്കുന്നുണ്ടോ എന്ന് നോക്കാൻ സംവിധാനമുണ്ട് എന്നാണ് സങ്കൽപം. കുറ്റാന്വേഷകർ ഓരോ ദിവസവും ഓരോ പോലീസ് സ്റ്റേഷനിൽനിന്നും മാധ്യമ പ്രവർത്തകർക്ക് വാർത്ത

നൽകുന്നുണ്ട്. മോഷണശ്രമത്തിന് അറസ്റ്റ് ചെയ്തു എന്നു പറയുന്ന ഒരാളെ എന്നെങ്കിലും ഒരു ലേഖകൻ നേരിട്ട് ചെന്നുകണ്ട് തന്നെ മോഷണശ്രമം നടത്തുമ്പോൾതന്നെയാണോ അറസ്റ്റ് ചെയ്തത് എന്നു ചോദിക്കാറില്ല. സോഴ്സുകളെപ്പോലും ചിലപ്പോൾ കാര്യമായ ചോദ്യം ചെയ്യാതെയാണ് വാർത്ത എഴുതുന്നത്. വിശ്വാസ്യമായ വൃത്തങ്ങൾ എന്ന വിശേഷണത്തിൽ എല്ലാ സർക്കാർ അധികാരികളും പെടും. അവർ വിശ്വസ്തരാണ് എന്നാണ് വിശ്വാസം. ഓരോ ദിവസവും വന്നു വീഴുന്ന വാർത്തകളെക്കുറിച്ചെല്ലാം അവിശ്വാസം തോന്നാനും അന്വേഷിച്ച് സത്യം കണ്ടെത്താനും മാധ്യമപ്രവർത്തകന് കഴിയുമോ?

ക്രമസമാധാന ഏജൻസികളുടെ അവകാശവാദമാകട്ടെ, പിടിയിലായ പൗരന്റെ നിരപരാധിത്വ അവകാശവാദമാകട്ടെ സത്യമേത് എന്ന് കണ്ടെത്താൻ മാധ്യമപ്രവർത്തകന് ഒരു സംവിധാനവുമില്ല. പ്രത്യക്ഷത്തിൽ അവിശ്വസനീയമായ കാര്യം പോലും കോടതിയുടെ വിധിക്ക് വിട്ട് കൊടുത്ത് കൈയുംകെട്ടിയിരിക്കാനേ കഴിയാറുള്ളൂ. ലേഖകന്റെ മുൻവിധികൾക്കും നിലപാടുകൾക്കും ഒപ്പംനിൽക്കുന്നതാണ് വാർത്തയെങ്കിൽ അവിശ്വാസത്തിന്റെ പ്രശ്നമേ ഉദിക്കുന്നില്ല. പ്രതിസ്ഥാനത്ത് മുസ്‌ലിംകൾ വരുമ്പോൾ മാത്രമാണ് മാധ്യമപ്രവർത്തകൻ പോലീസിനെ അപ്പടി വിശ്വസിക്കുന്നത് എന്ന ധാരണ ശരിയല്ല. സ്വാതന്ത്ര്യം കിട്ടിയിട്ട് അറുപതിലേറെ വർഷങ്ങളായി. ഇപ്പോൾ മാത്രമാണ് മുസ്‌ലിം ഭീകരതയും മുസ്‌ലിം ഭീകരരുമായുള്ള ഏറ്റുമുട്ടലുകളും ഉണ്ടാകുന്നത്. ഇതിനുമുമ്പും മാധ്യമങ്ങൾ ഇക്കാര്യത്തിൽ ഇങ്ങനെത്തന്നെയാണ് പെരുമാറിപ്പോന്നിട്ടുള്ളത്. പൗരാവകാശ സംഘടനകൾ ആന്ധ്രപ്രദേശിലെ വ്യാജ ഏറ്റുമുട്ടലുകളും കശ്മീരിലെ വ്യാജ ഏറ്റുമുട്ടലുകളും വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ ഏറ്റുമുട്ടലുകളും ഉയർത്താൻ തുടങ്ങിയിട്ട് എത്ര പതിറ്റാണ്ടുകളായി! മുംബൈയിൽ അധോലോക സംഘാംഗങ്ങൾ എന്ന് പറയപ്പെടുന്നവരെ പൊതുജന മധ്യത്തിലിറക്കി നിർത്തിയാണ് പലപ്പോഴും വെടിവെച്ചുകൊല്ലാറുള്ളത്. പൊതുജനത്തിന് അതിലൊട്ടും വിരോധമുണ്ടാകാറില്ല. അങ്ങനെ കൊല്ലുന്ന പോലീസ് ഉദ്യോഗസ്ഥന്മാർ ജനമധ്യത്തിൽ വീരനായകന്മാരാണ്. സിഖ് തീവ്രവാദത്തിന്റെ കാലത്ത് എത്ര കുടുംബങ്ങളെ ഒന്നടങ്കം വെടിവെച്ചുകൊന്നിട്ടുണ്ട്. ആരെങ്കിലും അതുന്നയിച്ചിട്ടുണ്ടോ എന്നറിയില്ല. ബട്‌ല ഹൗസ് സംഭവം ഉണ്ടാക്കിയ ഒച്ചപ്പാട് പഞ്ചാബ് ഗ്രാമത്തിൽ ഒരു വിവാഹപ്പാർട്ടിയെ തടഞ്ഞുനിർത്തി ഒന്നടങ്കം പോലീസ് വെടിവെച്ചുകൊന്നപ്പോൾ ഉണ്ടായിട്ടില്ല എന്നോർക്കണം.

കുറ്റകൃത്യങ്ങളുടെ വാർത്തകൾ റിപ്പോർട്ട് ചെയ്യുമ്പോൾ പ്രാഥമികമായ ഒരു മാധ്യമമര്യാദ പാലിക്കപ്പെടുന്നില്ല എന്നതാണ് വലിയ പ്രശ്നം. പോലീസ് പ്രതിയാക്കുന്ന ഒരാൾ കുറ്റവാളിയാകാനും ആകാതിരിക്കാനും സാധ്യത





യുണ്ടെന്നത് പ്രാഥമിക ജുഡീഷ്യൽ തത്ത്വമാണ്. സ്ത്രീപീഡനമായാലും മോഷണമായാലും ഭീകരപ്രവർത്തനമായാലും കുറ്റവാളിയായി കോടതി കണ്ടെത്തുന്നതുവരെ ഒരാളെ പ്രതി എന്നല്ലാതെ കുറ്റവാളി എന്ന് വിശേഷിപ്പിച്ചുകൂടാ എന്നത് ഒരു മര്യാദയായി ഇതുവരെയും മാധ്യമങ്ങൾ സ്വീകരിച്ചിട്ടില്ല. ചോദ്യംചെയ്യാൻ അറസ്റ്റ് ചെയ്യപ്പെടുന്നവനെപ്പോലും വധശിക്ഷക്ക് വിധിക്കപ്പെട്ടവനെയെന്ന പോലെ കൈകാര്യംചെയ്യുന്നത് എന്തു നിയമപ്രകാരമാണ്, ഏത് ധർമപ്രകാരമാണ്?

ആദ്യത്തേതെന്നപോലെ രണ്ടാമത്തെ പ്രശ്നവും രവീന്ദ്രൻ തന്റെ കൃതിയിൽ വിസ്തരിച്ച് പ്രതിപാദിച്ചിട്ടുണ്ട്. അത് വിപണിക്കൊത്ത് വാർത്തകൾ നൽകുന്ന പുതിയകാല സമീപനമാണ്. ഹിന്ദുവർഗീയ ശക്തികൾ നിരന്തരമായ പ്രചാരണത്തിലൂടെ സമ്പൂർണമായി വർഗീയവത്കരിച്ച ഒരു സമൂഹത്തിൽ ആ വർഗീയ ശക്തികൾക്കൊപ്പം നിൽക്കുകയേ വിപണി വിജയത്തിനപ്പുറം ഒരു ലക്ഷ്യവുമില്ലാത്ത മാധ്യമം ചെയ്യുകയുള്ളൂ. ഇതിനെക്കുറിച്ച് ചർച്ച ചെയ്തിട്ട് കാര്യമില്ല. ചർച്ച ചെയ്യാവുന്ന ഒരേയൊരു കാര്യം വർഗീയ കലാപങ്ങൾ ഉണ്ടാക്കുംവിധം എസ്.എം.എസ് സന്ദേശമയച്ചാൽപ്പോലും കേസെടുത്ത് ജയിലിലടക്കാൻ നാട്ടിൽ വ്യവസ്ഥയുണ്ടെന്നിരിക്കേ എന്തുകൊണ്ട് ഒരു സംസ്ഥാനത്തെ മുഴുവൻ അഗ്നിക്കിരയാക്കാൻ കാരണക്കാരായ പത്രസ്ഥാപനങ്ങൾക്കെതിരെ ഒരു പെറ്റിക്കേസ് പോലും ഉണ്ടാകുന്നില്ല എന്നതാണ്. തങ്ങൾക്ക് മാധ്യമ സ്ഥാപനത്തെ ശിക്ഷിക്കാൻ അധികാരമില്ല എന്ന് പറഞ്ഞ് മാറിനിൽക്കുന്ന പ്രസ് കൗൺസിലിന് എന്തുകൊണ്ട് ജനങ്ങളെ തമ്മിലടിപ്പിച്ച പത്രങ്ങൾക്കെതിരെ നടപടിയെടുക്കാൻ ക്രമസമാധാന ഏജൻസികളോട് ആവശ്യപ്പെട്ടുകൂടാ?

പ്രസ് കൗൺസിലിന് ശിക്ഷാധികാരം നൽകണമോ എന്നത് മറ്റൊരു വിഷയമാണ്. സാധാരണ സംഗതികളിൽ അത്തരമൊരു അധികാരം നൽകുന്നത് സ്വതന്ത്ര പത്രപ്രവർത്തനത്തിന് ഹാനികരമാണ് എന്ന കാര്യത്തിലും സംശയമില്ല. എന്നാൽ, ഒരു സംസ്ഥാനത്തെയോ രാജ്യത്തെത്തന്നെയോ ആഭ്യന്തര കലാപത്തിലേക്ക് തള്ളിവിടുന്നത് മാധ്യമ സ്വാതന്ത്ര്യത്തിന്റെ പരിധിയിൽ വരുന്ന കാര്യമേ അല്ല. അത് രാജ്യദ്രോഹത്തിന് തുല്യമായ കുറ്റകൃത്യമാണ്. അത്തരം സന്ദർഭത്തിലെങ്കിലും എന്തുകൊണ്ട് പ്രസ് കൗൺസിലിന് ശിക്ഷാധികാരം നൽകിക്കൂടാ എന്ന ചോദ്യം ഇനിയെങ്കിലും ഗൗരവമായി ഉയർത്തപ്പെടേണ്ടതുണ്ട്.

ശക്തിപ്രാപിച്ചുകൊണ്ടിരിക്കുന്ന ഭീകരതയും അതിനെ കൈകാര്യം ചെയ്യുന്ന രീതിയും രണ്ടും ഒരുപോലെ മുസ്‌ലിം സമൂഹത്തിന്റെ ഗുരുതരമായ അന്യവത്കരണത്തിലേക്കാണ് നയിക്കുന്നത്. കേരളമൊഴിച്ചുള്ള സംസ്ഥാനങ്ങളിൽ മുസ്‌ലിംകൾ മുഖ്യധാരയിലേക്ക് മെല്ലെ കടന്നുവരുന്ന ഈ ഘട്ടത്തി

ലാണ് പ്രകോപനരഹിതമായ ഭീകരാക്രമണങ്ങൾ നടന്നുകൊണ്ടിരിക്കുന്നത്. ഇതിന്റെ ലക്ഷ്യത്തെക്കുറിച്ച് നമുക്ക് ഊഹിക്കാനേ കഴിയൂ, അല്ലെങ്കിൽ ഊഹിക്കാനേ കഴിയുന്നില്ല എന്നും പറയാം. കേരളം കർണാടകത്തിൽ നിന്നോ ഗുജറാത്തിൽനിന്നുപോലുമോ വളരെയൊന്നും അകലെയല്ല എന്ന് കൂടിയാണ് രവീന്ദ്രൻ നമ്മെ ഓർമിപ്പിക്കുന്നത്. കേരളീയ പശ്ചാത്തലത്തിലും ഈ പ്രശ്നങ്ങളെല്ലാം ആവർത്തിച്ചു ചർച്ച ചെയ്യപ്പെടുന്നുണ്ട്. മുസ്ലിംജനത മുഖ്യധാരയിലേക്ക് എത്രയോ കാലം മുമ്പെ കടന്നുവന്ന സംസ്ഥാനമാണ് കേരളം. വല്ലാതെ ഭയപ്പെടുത്തുന്നതാണ് പുതിയ സംഭവങ്ങൾ സൃഷ്ടിച്ച അവിശ്വാസങ്ങളും ഭിന്നതകളും.

മാധ്യമ പ്രവർത്തനത്തിന്റെ രൂപാന്തരം എങ്ങനെ ജനതയിൽ കടുത്ത വിള്ളലുകൾ ഉണ്ടാക്കുന്നു എന്നതും അതിന്റെ പശ്ചാത്തലം എന്ത് എന്നതു മാണ് രവീന്ദ്രന്റെ പഠനവിഷയം. മാധ്യമ പഠനങ്ങൾ ഏറെ ഉണ്ടായിട്ടുണ്ട്. പത്രപ്രവർത്തന തത്ത്വങ്ങളിൽനിന്നുമാറി പ്രായോഗിക പത്രപ്രവർത്തനം ഒരു സാമൂഹിക-രാഷ്ട്രീയ പ്രശ്നത്തെ ഏതുവിധത്തിൽ കൈകാര്യം ചെയ്തു എന്നും അത് എന്തെല്ലാം പ്രത്യാഘാതങ്ങൾ ഉണ്ടാക്കിയെന്നും പരിശോധിക്കുന്ന പഠനങ്ങൾ അധികം ഉണ്ടായിട്ടില്ല. ഒരേ സമയം വളരെ വ്യത്യസ്തമായ രണ്ട് പ്രശ്നങ്ങളിലേക്ക് വെളിച്ചമടിക്കുകയെന്ന ശ്രമകരമായ ദൗത്യമാണ് രവീന്ദ്രൻ വിജയകരമായി നിർവഹിച്ചിട്ടുള്ളത്.



അധ്യായം ഒന്ന്

# ഗുജറാത്ത് വംശഹത്യ കാലത്തെ മാധ്യമങ്ങളുടെ സംഭാവന

Society cannot share
a common communication system
so long as it is split in to warring factions

**Brehtold Breht**

•

## കഥ ഇതുവരെ

2002 ഫെബ്രുവരി 27-ന് അയോധ്യയിൽനിന്നും വരികയായിരുന്ന കർസേവകർ സഞ്ചരിച്ച സബർമതി എക്സ്പ്രസ് ഗുജറാത്തിലെ ഗോധ്ര റെയിൽവേ സ്റ്റേഷനിൽ എത്തിയപ്പോൾ ട്രെയിനിന്റെ ഒരു കോച്ചിന് തീ പിടിച്ചു. ദുരന്തത്തിൽ 58 പേർ വെന്തുമരിച്ചു. കർസേവകരെ കൊലപ്പെടുത്താൻ മുസ്ലിംകളാണ് ട്രെയിനിന് തീവെച്ചത് എന്ന് സംഘ്പരിവാർ ആരോപിച്ചു. ആരോപണം കാട്ടുതീയായി ഉയർന്നു. മുസ്ലിംകൾ കൂട്ടക്കൊല ചെയ്യപ്പെട്ടു. അവരെ കെട്ടിയിട്ടും കൂട്ടിയിട്ടും തീയിട്ട് കൊന്നു. ഗോധ്രാ സംഭവം ആസൂത്രിതമെന്ന് മുഖ്യമന്ത്രി നരേന്ദ്രമോഡി പ്രസ്താവിച്ചു. ഏതൊരു പ്രവൃത്തിക്കും തുല്യമായ പ്രതിപ്രവർത്തനമുണ്ടാകുമെന്ന്, ന്യൂട്ടന്റെ ചലനനിയമത്തെ പിൻപറ്റി മോഡി പ്രഖ്യാപിച്ചു. ഇത് സംഘ്പരിവാർ തേർവാഴ്ചക്ക് കൂടുതൽ പ്രചോദനം നൽകി.

മുസ്ലിം ഭൂരിപക്ഷ പ്രദേശമായ ഗോധ്ര വംശഹത്യക്ക് ഇരയായി. ജനങ്ങൾ പലായനം ചെയ്തു. നിശാനിയമം ഏർപ്പെടുത്തി, പട്ടാളമിറങ്ങി, പോലീസ് വെടിവെപ്പിൽ നിരവധി പേർ കൊല്ലപ്പെട്ടു.

മാർച്ച് രണ്ടിന് വഡോദര ഹനുമാൻ തെക്രിയിലെ ബെസ്റ്റ് ബേക്കറിക്കുള്ളിൽ 14 പേരെ ചുട്ടുകൊന്നു. സംഭവത്തിന് സാക്ഷിയായ സാഹിറ ശൈഖ് എന്ന യുവതി വിചാരണവേളയിൽ മൊഴിമാറ്റിപ്പറഞ്ഞു. പിന്നീട് ഇത് വിവാദമായി. വംശഹത്യ ആസൂത്രിതമായിരുന്നുവെന്നും ഇതിന്റെ പിന്നിൽ